**GOVERNMENT OF KERALA**

**Abstract**

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി (IIHT) കണ്ണൂർ- ആവർത്തനച്ചെലവിനത്തിൽ 50 ലക്ഷം രൂപ വിനിയോഗിക്കുന്നത്- തുക റിലീസ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**INDUSTRIES (C) DEPARTMENT**

സ.ഉ.(സാധാ) നം.343/2025/ID Dated,Thiruvananthapuram, 24-03-2025

---

**Read** 1. കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടറുടെ 12.03.2025 തീയതിയിലെ HL/1543/2024-F നമ്പർ കത്ത്.

2. 31.03.2025 വരെ കാലാവധിയുള്ള ഇ അനുമതി നമ്പർ AS/IND/24/41376

**ORDER**

കൈത്തറി വസ്ത്ര രംഗത്ത് മികച്ച സാങ്കേതിക വിദഗ്ധരെ പ്രദാനം ചെയ്യുന്നതിനായിട്ടാണ് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ കണ്ണൂരിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജി സ്ഥാപിച്ചത്. കൈത്തറി വസ്ത്ര രംഗവുമായി ബന്ധപ്പെട്ട വിവിധങ്ങളായ ട്രെയിനിംഗുകളും പ്രോജക്ടുകളും മറ്റ് സാങ്കേതിക സഹായങ്ങളും ഗവേഷണാത്മകമായ പദ്ധതികളും ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത് നടത്തി വരുന്നു.

2) ദേശീയ നിലവാരത്തിലുള്ളതും, AICTE അംഗീകരിച്ചതുമായ നിരവധി കോഴ്സുകൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തി വരുന്നു. കൈത്തറിവസ്ത്ര രംഗത്ത് മാറി മാറി വരുന്ന ഫാഷനുകൾക്കും, സാങ്കേതിക വിദ്യാ വികസനത്തിനും അനുസൃതമായി സാങ്കേതിക വിദ്യാപരിശീലനം നൽകുന്നതിന് ഉതകുന്ന അക്കാഡമിക്ക് പ്രവർത്തനങ്ങൾ നടത്തുന്നതിന് പുറമേ കേരള സർക്കാരും കൈത്തറി ടെക്സ്റ്റൈൽസ് ഡയറക്ടറും ചുമതലപ്പെടുത്തുന്ന കൈത്തറി

വസ്ത്ര രംഗവുമായി ബന്ധപ്പെട്ട വിവിധങ്ങളായ ട്രെയിനിംഗുകളും പ്രൊജക്റ്റുകളും വിവിധങ്ങളായ ഗവേഷണാത്മക പദ്ധതികളും ഇൻസ്റ്റിറ്റ്യൂട്ട് നടത്തി വരുന്നു.

3) കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ ഗ്രാന്റ് ആണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന വരുമാന സ്രോതസ്സ്. ഇതിനു പുറമേ ഫീസ്, സർവ്വീസ് ചാർജ്ജ്, സംഭാവന എന്നീ ഇനങ്ങളിൽ മാത്രമാണ് ഫണ്ട് സ്വരൂപിക്കാൻ കഴിയുന്നത്. **2024-25** സാമ്പത്തിക വർഷം അനുവദിച്ച തുക ഇതിനകം വിനിയോഗിച്ച് കഴിഞ്ഞതിനാൽ മുൻ വർഷത്തെ കുടിശികയായ ചില ബാധ്യതകളും ആവർത്തനച്ചെലവിനത്തിൽ വഹിക്കേണ്ട ചെലവിനങ്ങളും പരിഗണിച്ച് 2024-25 സാമ്പത്തിക വർഷം 150 ലക്ഷം രൂപ ഐ.ഐ.എച്ച്.ടി.ക്ക് അനുവദിച്ച് നൽകണമെന്ന് സൂചന (1) പ്രകാരം കൈത്തറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജിയ്ക്ക് നടപ്പു വർ ഷം **2851-00-103-74(P)** ശീർഷകത്തിൽ നിന്നും ആവർത്തനച്ചെലവിനത്തിൽ **50 ലക്ഷം രൂപ** റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയും മേൽപറഞ്ഞ തുക റിലീസ് ചെയ്യുന്നതിനായി മേൽപറഞ്ഞ ശീർഷകത്തിന്റെ പരിധി 66.23 ശതമാനമാക്കി ഉയർത്തിയും ഇതിനാൽ ഉത്തരവാകുന്നു.

5) കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടർ പ്രസ്തുത തുക ഐ.ഐ.എച്ച്.ടി.ക്ക് നടപ്പു സാമ്പത്തിക വർഷത്തെ 2851-00-103-74(P) എന്ന ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും റിലീസ് ചെയ്ത് നൽകേണ്ടതാണ്.

6) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാൻഡ്‌ലൂം ടെക്നോളജിയ്ക്ക് റിലീസ് ചെയ്തു നൽകുന്ന തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് നടപ്പു സാമ്പത്തിക വർഷം തന്നെ കൈത്തറി & ടെക്സ്റ്റൈൽ ഡയറക്ടർ ലഭ്യമാക്കേണ്ടതാണ്.

**(By order of the Governor)**

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

കൈത്തറി & ടെക്സ്റ്റയിൽസ് ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ഐ.എച്ച്.ടി, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ധനകാര്യ (I&PW-A3) വകുപ്പ് (E 3084126/I&PW-A3/23/2025-Fin Fin(I&PW-A)Dept)

ഐ&പി.ആർ.ഡി

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

**Forwarded /By order**

Signed by

Sreekumar R

**Section Officer**

Date: 24-03-2025 17:18:12